# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8040 — 24.07.2012 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ ബാങ്കുകളിലേക്ക് നിക്ഷേപ സമാഹരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ബാങ്കുകളിലേക്ക് പൊതുജനങ്ങളിൽനിന്നും നിക്ഷേപ സമാഹരണം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം വർദ്ധിപ്പിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. ഇപ്രകാരം സംഘടിപ്പിക്കുന്ന നിക്ഷേപ സമാഹരണത്തിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമായി ട്രോഫി നൽകാറുണ്ട്. കൂടാതെ സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നിക്ഷേപ സമാഹരണത്തെ ശക്തിപ്പെടുത്തുന്നതിനുമായി കേരള സർക്കാർ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുകയും ടി സ്കീം നടപ്പിലാക്കുന്നതിനായി നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശസാൽകൃത/വാണിജ്യ ബാങ്കുകളിലായി താരതമ്യം ചെയ്യുമ്പോൾ സഹകരണ മേഖലയിൽ ആകർഷണീയമായ പലിശ നിരക്കാണ് നൽകി വരുന്നത്. |
| (ബി) പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ എത്രശതമാനം പലിശയാണ് പ്രാഥമിക സഹകരണ ബാങ്കുകൾ നല്കി വരുന്നത്; പ്രസ്തുത പലിശ നിരക്ക് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം | (ബി) പൊതുജനങ്ങളിൽ/അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് പ്രാഥമിക സഹകരണ ബാങ്കുകൾ നൽകി വരുന്ന പലിശ നിരക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | പലിശ നിരക്ക് (ശതമാന കണക്കിൽ) |
|---|---|---|
| 1 | 15 ദിവസം മുതൽ 45 | 7.50 |

വിശദമാക്കാമോ ?

| | | |
|---|---|---|
| | ദിവസം വരെ | |
| 2 | 45 ദിവസം മുതൽ 90 ദിവസം വരെ | 8.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 8.75 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 9.25 |
| 5 | 1 വർഷവും അതിനു മുകളിലും | 10.00 |
| 6 | 3 വർഷവും, അതിനു മുകളിലും കാലാവധിയുള്ള 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയുള്ള നിക്ഷേപം | 10.25 |
| 7 | 3 വർഷവും, അതിനു മുകളിലും കാലാവധിയുള്ള 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നിക്ഷേപം | 10.50 |

സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളും പൊതു മേഖല ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സർക്കാർ ട്രഷറിയും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പലിശനിരക്ക് കൂടി അവലോകനം നടത്തിയാണ് സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് പലിശ നിരക്ക് പരിഷ്കരിക്കുന്നത്. സഹകരണ മേഖലയിൽ പലിശ നിരക്കിൽ മാറ്റം വരുത്തുന്നതിനായി 07.07.2011 ൽ ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസ് പ്രകാരം ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ബാങ്കിംഗ് മേഖലയിൽ പലിശ നിരക്കിൽ കുറവ് സംഭവിച്ചാൽ മാത്രമേ സഹകരണ മേഖലയിലും പലിശ നിരക്കിൽ കുറവ് വരുത്താൻ തീരുമാനിക്കാറുള്ളൂ.

സെക്ഷൻ ഓഫീസർ